| 11-01-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ, ബുദ്ധിയുടെ യോഗം ബാബയുമായി ചേർത്തുകൊണ്ടേയിരിക്കൂ എങ്കിൽ നീണ്ട യാത്രയെ സഹജമായി തന്നെ മറികടക്കാം.**

**ചോദ്യം:** ബാബയിൽ അർപ്പിക്കപ്പെടുന്നതിനു വേണ്ടി ഏതു കാര്യത്തിന്റെ ത്യാഗം അത്യാവശ്യമാണ്?
**ഉത്തരം:** ദേഹാഭിമാനത്തിന്റെ. ദേഹ-അഭിമാനം വന്നുവെങ്കിൽ മരിച്ചു, വ്യഭിചാരിയായി. അതിനാൽ അർപ്പണമാകുന്നതിൽ കുട്ടികൾക്ക് വളരെ പ്രയാസമനുഭവപ്പെടുന്നു. അർപ്പിച്ചു കഴിഞ്ഞാൽ പിന്നെ ആ ഒരാളുടെ മാത്രം ഓർമ്മ ഉണ്ടായിരിക്കണം. ബാബയിൽ തന്നെ ബലിയർപ്പണമാകണം, ബാബയുടെ തന്നെ ശ്രീമതമനുസരിച്ച് നടക്കണം.

**ഗീതം:** രാത്രിയിലെ യാത്രക്കാരാ . . . . . .

**ഓം ശാന്തി.** ഭഗവാനുവാചാ – ഭഗവാൻ തന്റെ കുട്ടികൾക്ക് രാജയോഗവും ജ്ഞാനവും പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു മനുഷ്യനുമല്ല. ഗീതയിൽ എഴുതിയിട്ടുണ്ട് കൃഷ്ണ ഭഗവാനുവാചാ. എന്നാൽ ശ്രീകൃഷ്ണന് മുഴുവൻ ലോകത്തേയും മായയിൽ നിന്ന് മുക്തമാക്കുക എന്നത് സംഭവ്യമല്ല. ബാബ തന്നെ വന്നാണ് കുട്ടികൾക്ക് പറഞ്ഞുമനസ്സിലാക്കിത്തരുന്നത്, ആരാണോ ബാബയെ തന്റേതാക്കിമാറ്റിയിട്ടുള്ളത്, ബാബയുടെ സന്മുഖത്തിരിക്കുന്നത് അവർക്കാണ് പറഞ്ഞു മനസ്സിലാക്കിത്തരുന്നത്. കൃഷ്ണനെ അച്ഛനെന്നു പറയാൻ കഴിയുകയില്ല. ബാബയെയാണ് പറയുന്നത് പരമപിതാ പരമാത്മാവ്, പരമധാമവാസി. ആത്മാവ് ഈ ശരീരത്തിലിരുന്ന് പരമാത്മാവിനെ ഓർമ്മിക്കുന്നു. ബാബയിരുന്നു മനസ്സിലാക്കിത്തരികയാണ് നിങ്ങളുടെ അച്ഛൻ പരമധാമവാസിയാണെന്ന്. ഞാൻ എല്ലാ ആത്മാക്കളുടേയും അച്ഛനാണ്. ഞാൻ തന്നെയാണ് കല്പം മുന്നെയും വന്ന് കുട്ടികളെ പഠിപ്പിച്ചിരുന്നത്, കുട്ടികളേ, ബുദ്ധിയോഗം പരമപിതാവായ എന്നിൽ വെക്കൂ. ആത്മാക്കളോടാണ് പറയുന്നത്. ആത്മാവ് ശരീരത്തിൽ വരാത്തിടത്തോളം കാലം ഈ കണ്ണുകൾ കൊണ്ട് കാണാൻ കഴിയുകയില്ല, ചെവികൾ കൊണ്ട് കേൾക്കാൻ കഴിയുകയില്ല. ആത്മാവില്ലെങ്കിൽ ശരീരം ജഢമായി മാറുന്നു. ആത്മാവ് ചൈതന്യമാണ്. ഗർഭത്തിൽ കുഞ്ഞുണ്ട് പക്ഷെ ഏതുവരേയും ആത്മാവ് അതിൽ പ്രവേശിക്കുന്നില്ലയോ അതുവരേയും ചലനങ്ങളുണ്ടാകുകയില്ല. അങ്ങിനെയുള്ള ചൈതന്യ ആത്മാക്കളോടാണ് ബാബ സംസാരിക്കുന്നത്. പറയുന്നു ഞാൻ ഈ ശരീരം കടമെടുത്തിരിക്കുകയാണ്. ഞാൻ വന്ന് എല്ലാ ആത്മാക്കളേയും തിരികെ കൊണ്ടുപോകുന്നു. ഏത് ആത്മാക്കളാണോ സന്മുഖമിരിക്കുന്നത് അവർക്കാണ് രാജയോഗം പഠിപ്പിച്ചുകൊടുക്കുന്നത്. മുഴുവൻ ലോകവും രാജയോഗം പഠിക്കുകയില്ല. കല്പം മുമ്പെ പഠിച്ചവർ മാത്രമാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു - ബുദ്ധിയുടെ യോഗം അവസാനം വരേയും ബാബയോടൊപ്പം വെച്ചുകൊണ്ടിരിക്കണം, ഇതിൽ ഉറച്ചിരിക്കണം. സ്ത്രീ-പുരുഷന്മാർ അന്യോന്യം പരിചയമില്ലെങ്കിലും വിവാഹശേഷം 60-70 വർഷം ഒന്നിച്ചിരിക്കുന്നു, അങ്ങിനെ മുഴുവൻ ജീവിതവും ശരീരം ശരീരത്തെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീ പറയും ഇതെന്റെ ഭർത്താവാണ്, പുരുഷൻ പറയും ഇതെന്റെ ഭാര്യയാണ്. ഇപ്പോൾ നിങ്ങളുടെ വിവാഹം നടന്നിരിക്കുകയാണ് നിരാകാരനുമായി. നിരാകാരനായ അച്ഛൻ വന്നാണ് വിവാഹം ചെയ്യിച്ചിരിക്കുന്നത്. പറയുന്നു കല്പം മുമ്പത്തെപ്പോലെ നിങ്ങൾ കുട്ടികളെ വിവാഹനിശ്ചയം ചെയ്യുന്നു. നിരാകാരനായ ഞാൻ മനുഷ്യസൃഷ്ടിയുടെ ബീജരുപനാണ്. എല്ലാവരും പറയും ഗോഡ് ഫാദറാണ് രചിച്ചതെന്ന്. നിങ്ങളുടെ അച്ഛൻ സദാ പരമധാമിൽ വസിക്കുന്നവനാണ്. ഇപ്പോൾ പറയുന്നു എന്നെ ഓർമ്മിക്കൂ. വളരെ ദീർഘമായ യാത്രയാകുക കാരണം പല കുട്ടികളും ക്ഷീണിച്ചുപോകാന്നു. പൂർണ്ണമായും ബുദ്ധിയോഗം വെക്കാൻ കഴിയുന്നില്ല. മായയുമായി വളരെയധികം ഏറ്റുമുട്ടൽ കാരണം ക്ഷീണിച്ചു പോകുന്നു, മരിച്ചും പോകുന്നു. കല്പം മുമ്പെയും അങ്ങിനെത്തന്നെയായിരുന്നു നടന്നത്. ഇവിടെയാണെങ്കിൽ ഏതുവരേയും ജീവിച്ചിരിക്കുന്നുവോ അതുവരേയും ഓർമ്മിച്ചുകൊണ്ടിരിക്കണം. സ്ത്രീ ഭർത്താവ് മരിച്ചാലും ഓർമ്മിച്ചുകൊണ്ടേയിരിക്കുന്നു. ഈ അച്ഛൻ അഥവാ പതി അങ്ങിനെ വിട്ടുപോകുന്നവനല്ല. പറയുന്നു – ഞാൻ നിങ്ങൾ പ്രിയതമമാരെ ഒപ്പം കൊണ്ടുപോകും. എന്നാൽ ഇതിൽ സമയമെടുക്കും, ക്ഷീണിച്ചുപോകരുത്. തലയിൽ വളരെയധികം പാപഭാരമുണ്ട്, യോഗത്തിലിരുന്നാൽ മാത്രമേ അത് ഇറങ്ങുകയുള്ളൂ. യോഗം ഇങ്ങിനെയായിരിക്കണം അതായത് ബാബ അഥവാ പ്രിയതമനുമായല്ലാതെ വേറെ ആരുടേയും ഓർമ്മയുണ്ടാകരുത്. വേറെ ആരുടെയെങ്കിലും ഓർമ്മ വരികയാണെങ്കിൽ വ്യഭിചാരിയായി മാറി, പിന്നീട് പാപങ്ങളുടെ ശിക്ഷയും അനുഭവിക്കേണ്ടി വരും, അതിനാൽ അച്ഛൻ പറയുന്നു പരമധാമിലേക്കുള്ള യാത്രക്കാരാ ക്ഷീണിച്ചുപോകരുത്.
നിങ്ങൾ കുട്ടികൾക്കറിയാം ഞാൻ ബ്രഹ്മാവിലൂടെ ആദി സനാതന ദേവി-ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും

ശങ്കരനിലൂടെ മറ്റു ധർമ്മങ്ങളുടെ വിനാശവും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കോൺഫറൻസുകൾ നടത്തിക്കൊണ്ടിരിക്കുകയാണ് എങ്ങിനെ എല്ലാ ധർമ്മങ്ങളും ചേർന്ന് ഒന്നാകും, എങ്ങിനെ എല്ലാവർക്കും ശാന്തിയിൽ ഇരിക്കാൻ കഴിയും. എന്നാൽ അനേക ധർമ്മങ്ങളുടെ ഒരഭിപ്രായമുണ്ടാകുകയെന്നത് അസാദ്ധ്യമാണ്. ഒരേ അഭിപ്രായത്തിലൂടെയാണ് ഒരു ധർമ്മത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. എല്ലാ ധർമ്മങ്ങളും സർവ്വഗുണ സമ്പന്നരും, സമ്പൂർണ്ണ നിർവികാരിയുമായിരുന്നാൽ മാത്രമേ ഒരുമിച്ചിരിക്കാൻ കഴിയൂ. രാമരാജ്യത്തിൽ എല്ലാവരും പാലും പഞ്ചസാരയും പോലെ ചേർന്നിരിക്കുകയായിരുന്നു. മൃഗങ്ങൾ പോലും കലഹിച്ചിരുന്നില്ല. ഇവിടെയാണെങ്കിൽ വീട്-വീടുകൾ തോറും കലഹങ്ങളാണ്. യാതൊരു നാഥനുമില്ലാത്തതിനാലാണ് കലഹിച്ചുകൊണ്ടിരിക്കുന്നത്. തന്റെ മാതാ-പിതാക്കളെ അറിയുന്നേയില്ല. പാടുന്നുമുണ്ട് – നീ തന്നെ മാതാവും പിതാവുമാണ്, ഞങ്ങൾ അങ്ങയുടെ കുട്ടികളാണ് . . . അങ്ങയുടെ കൃപകൊണ്ട് അളവറ്റ സുഖം . . .എന്നാൽ അളവറ്റ സുഖം ഇപ്പോളില്ല. അപ്പോൾ പറയാം മാതാ-പിതാക്കളുടെ കൃപയില്ല. അച്ഛനെ അറിയുന്നേയില്ലായെങ്കിൽ പിന്നെ കൃപയെങ്ങിനെ ലഭിക്കാനാണ്? ടീച്ചറുടെ നിർദ്ദേശ പ്രാകാരം നടന്നാലേ കൃപ ലഭിക്കുകയുള്ളൂ. എന്നാൽ അവർ പറയുന്നു – സർവ്വവ്യാപിയാണ്, എങ്കിൽ ആര് കൃപ ചെയ്യും, ആർക്ക് കൃപ ചെയ്യും? കൃപയെടുക്കുന്നവനും കൃപ ചെയ്യുന്നവനും, രണ്ടു പേരും വേണം. വിദ്യാർത്ഥി ആദ്യം ടീച്ചറുടെ പക്കൽ വന്ന് പഠിക്കണം. ഈ കൃപ തന്റെ മേൽ ചെയ്യണം. പിന്നീട് ടീച്ചറുടെ നിർദ്ദേശ പ്രകാരം നടക്കണം. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നവനും വേണം. ഇത് അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്, ഇദ്ദേഹത്തെ പരമപിതാവ്, പരമശിക്ഷകൻ, പരമ സദ്ഗുരു എന്നും പറയുന്നു. ബാബ പറയുന്നു – കല്പ-കല്പം ഞാൻ സ്ഥാപനയുടെ കാര്യം ചെയ്യുന്നു. പതിതമായ ലോകത്തെ പാവന ലോകമാക്കി മാറ്റുന്നു. *സർവ്വശക്തിവാനായ വിശ്വ അധികാരി*യല്ലേ. എങ്കിൽ *വിശ്വ അതോരിറ്റി* യുടെ രാജ്യം സ്ഥാപിക്കുന്നു. മുഴുവൻ സൃഷ്ടിയിലും ഒരേയൊരു ലക്ഷ്മീ-നാരായണനന്റെ രാജ്യമായിരുന്നു. അവർക്ക് സർവ്വ ശക്തികളുമുണ്ടായിരുന്നു. അവിടെ ആർക്കും വഴക്കടിക്കാൻ കഴിയുകയില്ല. അവിടെ മായ തന്നെയുണ്ടായിരിന്നില്ല, *ഗോൾഡൻ ഏജ്, സിൽവർ ഏജ്* ആയിരിന്നു. സത്യ-ത്രേതായുഗങ്ങളെ സ്വർഗ്ഗം അഥവാ വൈകുണ്ഠം എന്നു പറയും. എല്ലാവരും പാടുന്നു – നടക്കൂ വൃന്ദാവനത്തിലേയ്ക്ക്, പാടൂ രാധേ-ഗോവിന്ദാ . . . . . . എന്നാൽ ആരും പോകുന്നില്ല. തീർച്ചയായും ഓർമ്മിക്കുന്നുണ്ട്. ഇപ്പോൾ മായയുടെ രാജ്യമാണ്. എല്ലാവരും രാവണ മതപ്രകാരമാണ്. വലിയ വലിയ ആൾക്കാർ വരുന്നതായി കാണാം, വലിയ വലിയ ടൈറ്റിലുകളും ലഭിക്കുന്നു. എന്തെങ്കിലും ശാരീരികമായ ധൈര്യം കാണിക്കുകയോ നല്ല കർമ്മം ചെയ്യുകയോ ചെയ്താൽ ടൈറ്റിലുകൾ ലഭിക്കുന്നു. ചിലർക്ക് *ഡോക്ടർ ഓഫ് ഫിലോസഫി,* വേറെ ചിലർക്ക് വേറെ. . . . . അങ്ങിനെ അങ്ങിനെയുള്ള ടൈറ്റിലുകൾ നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങളിപ്പോൾ ബ്രാഹ്മണരാണ്. ഭാരതത്തിന്റെ യഥാർത്ഥമായ സേവനത്തിൽ മുഴുകിയിരിക്കുകയാണ്. ദേവിക രാജധാനിയുടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. സ്ഥാപന നടന്നുകഴിഞ്ഞാൽ നിങ്ങൾക്ക് ടൈറ്റിലുകൾ ലഭിക്കും. സൂര്യവംശി രാജാ റാണി, ചന്ദ്രവംശി രാജാ റാണി . . . . . . . പിന്നീട് നിങ്ങളുടെ രാജ്യം നടക്കും. അവിടെ യാതൊരു ടൈറ്റിലും ലഭിക്കുകയില്ല. അവിടെ ദു:ഖത്തിന്റെ യാതൊരു കാര്യവുമില്ല, വേറെ ആരുടെയെങ്കിലും ദു:ഖത്തെ ഹരിച്ച് വീര്യത്വം കാണിച്ചു കൊടുക്കാൻ. ഇവിടത്തെ ആചാര രീതികളൊന്നും തന്നെ അവിടെയില്ല. ലക്ഷ്മീ-നാരായണന് ഈ ലോകത്തിൽ വരാൻ കഴിയുകയില്ല, ഈ സമയം പാവനമായ ദേവതകളാരും തന്നെയില്ല. ഇത് പതിത ആസൂരീയ ലോകമാണ്. അനേകതരത്തിലുള്ള മത-മതാന്തരങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ഇവിടെയാണെങ്കിൽ ഒരേയൊരു ശ്രീമതമാണുള്ളത്, ഇതിലൂടെയാണ് രാജധാനി സ്ഥാപനമായിക്കൊണ്ടിരിക്കുന്നത്. പോകപ്പോകെ ചിലർക്ക് മായയുടെ മുള്ള് തറക്കുകയാണെങ്കിൽ മുടന്തിക്കൊണ്ടിരിക്കുന്നു അതുകൊണ്ട് ബാബ പറയുന്നു സദാ ശ്രീമതപ്രകാരം നടക്കൂ. തനിക്ക് തോന്നിയപോലെ നടക്കുകയാണെങ്കിൽ ചതിക്കപ്പെടും. സത്യമായ സമ്പാദ്യമുണ്ടാകുന്നത് സത്യമായ ബാബയുടെ ശ്രീമതപ്രകാരം നടക്കുമ്പോളാണ്. തന്റെ മതപ്രകാരം നടന്നാൽ തോണി മുങ്ങിപ്പോകും. എത്ര മഹാവീരന്മാരാണ് ശ്രീമതപ്രകാരം നടക്കാത്തതുകാരണം അധോഗതി പ്രാപിച്ചത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് സദ്ഗതി പ്രാപിക്കണം. ശ്രീമതപ്രകാരം നടന്നില്ലായെങ്കിൽ ദുർഗ്ഗതി പ്രാപിക്കും പിന്നീട് വളരെയധികം പശ്ചാത്തപിക്കേണ്ടി വരും. മാത്രമല്ല, ധർമ്മരാജപുരിയിൽ ശിവബാബ മനസ്സിലാക്കിത്തരും ഞാൻ ഈ ബ്രഹ്മാവിന്റെ ശരീരത്തിലിരുന്ന് നിങ്ങളെ മനസ്സിലാക്കിത്തന്നു, പഠിപ്പിച്ചു, എത്ര പരിശ്രമം ചെയ്തു, പക്ഷെ നിങ്ങൾ നടന്നില്ല. ശ്രീമതത്തെ ഒരിക്കലും ഉപേക്ഷിക്കരുത്. എന്തു തന്നെയായാലും, ബാബയോട് പറഞ്ഞാൽ ബാബ നിർദ്ദേശം തരും. ബാബയെ മറക്കുമ്പോഴാണ് മുള്ള് തറയ്ക്കുന്നത്. കുട്ടികൾ സദ്ഗതി ചെയ്യുന്നവനായ ബാബയിൽ നിന്നും മൂന്നു മൈൽ അകലെപ്പോകുകയാണ്. പറയുന്നുമുണ്ട് സമർപ്പണമാകും, എന്നാൽ ആരിൽ? ഇങ്ങിനെ എഴുതിയിട്ടില്ല സന്യാസിയിൽ സമർപ്പണമാകും. ബ്രഹ്മാ-വിഷ്ണു-ശങ്കരനിൽ സമർപ്പണമാകും, അല്ലെങ്കിൽ കൃഷ്ണനിൽ. സമർപ്പണ

മാകേണ്ടത് പരമപിതാ പരമാത്മാവിലാണ്. അല്ലാതെ ഒരു മനുഷ്യനിലുമല്ല. സമ്പത്ത് ലഭിക്കുന്നത് ബാബയിൽ നിന്നാണ്. ബാബ കുട്ടികളുടെ മേൽ സമർപ്പണമാകുന്നു. പരിധിയില്ലാത്ത ബാബ പറയുകയാണ് ഞാൻ സമർപ്പണമാകാൻ വന്നിരിക്കുകയാണ്. എന്നാൽ കുട്ടികൾക്ക് ബാബയിൽ സമർപ്പണമാകുന്നതിൽ ഹൃദയം പൊട്ടുന്നു. ദേഹാഭിമാനത്തിൽ വരികയാണെങ്കിൽ മരിച്ചതിനു സമാനമാണ്, വ്യഭിചാരിയായി. ഓർമ്മ ഒരു ബാബയുടെ മാത്രമായിരിക്കണം. ബാബയിൽ സമർപ്പണമാകണം. ഇപ്പോൾ നാടകം പൂർത്തിയാകുകയാണ്. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ബാക്കി മിത്ര സംബന്ധികളെല്ലാം തന്നെ മരണമടയാൻ പോകുകയാണ്. അവരെ എന്തിനാണ് ഓർമ്മിക്കുന്നത്. ഇതിൽ വളരെയധികം അഭ്യാസം വേണം. പാടപ്പെട്ടിട്ടുമുണ്ട് കയറുകയാണെങ്കിൽ അമൃതരസം ലഭിക്കും . . . ശക്തമായി വീഴുകയാണെങ്കിൽ പദവിയും കളയുന്നു. എന്നാൽ ഇങ്ങിനെയുമല്ല, സ്വർഗ്ഗത്തിൽ വരില്ലാ എന്നല്ല. രാജാ–റാണിയാകുന്നതും പ്രജയാകുന്നതും തമ്മിൽ വ്യത്യാസമുണ്ടല്ലോ. ഇവിടത്തെ ആദിവാസികളേയും കാണൂ, മന്ത്രിയേയും കാണൂ, വ്യത്യാസമുണ്ടല്ലോ, അതുകൊണ്ട് പുരുഷാർത്ഥം ചെയ്യണം. ആരെങ്കിലും വീഴുകയാണെങ്കിൽ വളരെ പതിതമായി മാറുന്നു. ശ്രീമതപ്രകാരം നടക്കാൻ കഴിയുന്നില്ലായെങ്കിൽ മായ മൂക്കിനു പിടിച്ച് അഴുക്കുചാലിൽ മുക്കിക്കളയും. ബാപ്ദാദയുടെയായി മാറിയതിനുശേഷം പിന്നീട് കുലദ്രോഹിയായി മാറുക അതായത് ബാബയെ എതിർക്കുക – ബാബ പറയുന്നു ഓരോ ചുവടും ശ്രദ്ധയോടെ വെക്കൂ. ഇപ്പോൾ മായയുടെ അന്ത്യം ഉണ്ടാകാൻ പോകുകയാണ്, മായ വളരെ പേരെ വീഴ്ത്തും, അതുകൊണ്ട് കുട്ടികൾക്ക് വളരെയധികം ശ്രദ്ധിക്കണം. യാത്ര വളരെ നീളമേറിയതാണ്, പദവിയും വളരെ ഉയർന്നതാണ്. കുലദ്രോഹിയാകുകയാണെങ്കിൽ ശിക്ഷയും വളരെ കടുത്തതായിരിക്കും. ധർമ്മരാജനായ ബാബ ശിക്ഷ നൽകുമ്പോൾ വളരെയധികം കരയുന്നു. അത് കല്പ കല്പത്തേയ്ക്ക് നിശ്ചയിക്കപ്പെട്ടതായും മാറുന്നു. മായ വളരെ ശക്തിശാലിയാണ്. ബാബയെ അല്പമെങ്കിലും നിന്ദിക്കുകയാണെങ്കിൽ മരിച്ചതു തന്നെയാണ്. പാടപ്പെട്ടിട്ടുമുണ്ട് സദ്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഗതി ലഭിക്കുകയില്ല. കാമത്തിനും ക്രോധത്തിനും വശപ്പെട്ട് തലതിരിഞ്ഞ കർമ്മങ്ങൾ ചെയ്യുന്നു. അതായത് ബാബയെ നിന്ദിക്കുന്നു, ശിക്ഷക്ക് നിമിത്തമായി മാറുന്നു. ഓരോ ചുവടിലും കോടികളുടെ സമ്പാദ്യമുണ്ടെങ്കിൽ, കോടികളുടെ നഷ്ടവുമുണ്ട്. സേവനം കൊണ്ട് സമ്പാദ്യത്തിന്റെ ശേഖരണം നടക്കുന്നുവെങ്കിൽ, തലതിരിഞ്ഞ കർമ്മങ്ങൾ കൊണ്ട് സമ്പാദിച്ചത് നഷ്ടവും ആകുന്നു. ബാബയുടെ പക്കൽ മുഴുവൻ കണക്കുകളുമുണ്ട്. ഇപ്പോൾ സന്മുഖം പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മുഴുവൻ കണക്കും കൈ വെള്ളയിലുള്ളതുപോലെയാണ്. ബാബ പറയുന്നു – ആരും തന്നെ ശിവബാബയെ നിന്ദിക്കരുത്, വളരെ വലിയ നിന്ദയായി മാറും. യജ്ഞസേവനത്തിൽ എല്ലെല്ലു നൽകേണ്ടതുണ്ട്. ദധീചി ഋഷിയുടെ ഉദാഹരണമുണ്ടല്ലോ! ഇതിന്റേയും പദവി ലഭിക്കുന്നു, അല്ലെങ്കിൽ പ്രജകളിലും ഭിന്ന–ഭിന്ന പദവികളുണ്ടല്ലോ. പ്രജകളിലും ജോലി വേലക്കാരെല്ലാം വേണമല്ലോ. അവിടെ യാതൊരു ദുഃഖവുമുണ്ടാകുകയില്ലെങ്കിലും നമ്പർവാർ പദവിയാണല്ലോ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം –

1. ഓർമ്മയുടെ യാത്രയിൽ ക്ഷീണിച്ചുപോകരുത്. ഇങ്ങിനെയുള്ള സത്യമായ ഓർമ്മയുടെ അഭ്യാസം ചെയ്യണം, അതായത് അന്തിമ സമയത്തിൽ ബാബയല്ലാതെ മറ്റാരുടേയും ഓർമ്മ വരരുത്.

2. സത്യ ബാബയുടെ ശ്രീമതപ്രകാരം നടന്ന് സത്യസമ്പാദ്യം ചെയ്യണം. തന്റെ മൻമതപ്രകാരം നടക്കരുത്. ഒരിക്കലും സദ്ഗുരുവിനെ നിന്ദിക്കരുത്. കാമക്രോധത്തിന് വശപ്പെട്ട് യാതൊരു തലതിരിഞ്ഞ കാര്യവും ചെയ്യരുത്.

## വരദാനം – സങ്കൽപശക്തിയിലൂടെ ഓരോ കാര്യത്തിലും സഫലമാകുന്നതിനുള്ള സിദ്ധി പ്രാപ്തമാക്കുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ

സങ്കൽപശക്തിയിലൂടെ ധാരാളം കാര്യങ്ങൾ സഹജമായി സഫലമാകുന്ന സിദ്ധിയുടെ അനുഭവം ഉണ്ടാകുന്നു. സ്ഥൂലആകാശത്തിൽ പല പല നക്ഷത്രങ്ങൾ കാണുന്നതു പോലെ വിശ്വത്തിന്റെ അന്തരീക്ഷത്തിന്റെ

ആകാശത്തിൽ നാനാ ഭാഗത്തും സഫലതയുടെ തിളങ്ങുന്ന നക്ഷത്രങ്ങൾ അപ്പോഴാണ് കാണപ്പെടുക എപ്പോഴാണോ താങ്കളുടെ സങ്കൽപം ശ്രേഷ്ഠവും ശക്തിശാലിയാകുക. സദാ ഒരച്ഛന്റെ നേർക്ക് മുങ്ങിയിരിക്കുന്ന താങ്കളുടെ ഈ ആത്മീയ നയനങ്ങൾ , ആത്മീയ രൂപം ദിവ്യദർപ്പണമാകും. ഇങ്ങനെയുള്ള ദിവ്യ ദർപ്പണം തന്നെയാണ് അനേകാത്മാക്കൾക്ക് ആത്മീയസ്വരൂപത്തിന്റെ അനുഭവം ചെയ്യിക്കുന്ന സഫലതാ മൂർത്തിയാകുന്നത്.

**സ്ലോഗൻ –നിരന്തരം ഈശ്വരീയസുഖങ്ങളുടെ അനുഭവം ചെയ്യുന്നവർ തന്നെയാണ് നിശ്ചിന്ത ചക്രവർത്തി**